## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

പുലാമന്തോൾ പഞ്ചായത്തിൽ പാലൂർ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ മികച്ച മാതൃകയാണ് പ്രീ-പ്രൈമറിമുതൽ നാലാം തരം വരെ കുട്ടികളും അധ്യാപകരും 5 അനധ്യാപകരും ജോലിചെയ്യുന്ന ഒന്നാം ക്ലാസ് മുതൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ ക്ലാസുകൾ നിലവിലുണ്ട്.

പൊതു ലക്ഷ്യങ്ങൾ

→ സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക

→ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

പ്രവർത്തന ലക്ഷ്യങ്ങൾ

ഭാഷാ വികസനം

→ എല്ലാകുട്ടികളെയും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
→ കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
→ സർഗാത്മക രചനകളുടെ അവസരം സൃഷ്ടിക്കുക.
→ മികച്ച വായനശീലം വളർത്തുക.

ഇംഗ്ലീഷ്

→ സ്വതന്ത്രവായനക്ക് സജ്ജരാക്കുക.
→ ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

ഗണിതം

→ അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

→ ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

→ ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്ന് ഉറപ്പാക്കുക.

→

ഐ.സി.ടി.

→ കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

അറബിക്

→ എല്ലാ കുട്ടികളേയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

→ വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്മുറികളിലൊരുക്കുക.

പരിസരപഠനം

→ ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക

→ ശാസ്ത്രബോധമുള്ള തലമുറയെ വാർത്തെടുക്കുക

## കലാ, പ്രവൃത്തി പരിചയ ആരോഗ്യകായികം

- നിർമ്മാണകഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക കലാഭിരുചി വളർത്തുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക
- ആരോഗ്യകായിക പ്രവർത്തനങ്ങൾ, കളികൾക്കും എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

# പ്രവർത്തന പദ്ധതികൾ

ടാപ്പ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ വായനാഭിരുചി വളർത്തുക | വായനശാല സന്ദർശനം സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ പ്രദർശനം. | ആഴ്ചയിൽ ഒരു ദിവസം | ലൈബ്രേറിയൻ | |
| വിശാലവായനാശീലം വളർത്തുക. | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി, പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകം ശേഖരിക്കുന്നു. | ഒരു വർഷം മുഴുവൻ. | ക്ലാസ് ടീച്ചർ | |
| സർഗാത്മക രചനകൾക്കുള്ള അവസരം ഒരുക്കൽ. | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ. | ഓരോ ടേമിലും. | വിദ്യാരംഗം ക്ലബ് | |
| എല്ലാ കുട്ടികളും വായിക്കുന്നതിനും എഴുതുന്നതിനും പ്രോത്സാഹിപ്പിക്കുക | വായനകാർഡ് തയ്യാറാക്കൽ വായനാക്കുറിപ്പ് തയ്യാറാക്കൽ (വായിച്ച പുസ്തകത്തെ കുറിച്ച്) | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ | |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന് | ക്ലാസിൽ ഗണിത മൂല, മഞ്ചാടിസഞ്ചി | ജൂൺ | ക്ലാസ് ടീച്ചർ |
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടാൻ കുട്ടികളെ അർഹരാക്കുക | എല്ലാ ക്ലാസിലേക്കും പഠനനേട്ടങ്ങൾ ബന്ധിപ്പെടുത്തി വർക്ക് ഷീറ്റ് | ഓരോ ടേമിലും പ്രവർത്തനങ്ങൾക്ക് ശേഷവും | |
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പഠന പ്രവർത്തനങ്ങൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ. | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ കാര്യപരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ് |
| ഇംഗ്ലീഷ് വായനയും രചനയും മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതൽ.<br>വായനാകാർഡ്. | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ് ടീച്ചർ |

# കലാ പ്രവൃത്തി പരിചയ ആരോഗ്യകായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗാത്മകകഴിവുകൾ) | മാസത്തിൽ ഒരു ദിവസം സർഗവേദി നടത്തൽ | എല്ലാ മാസവും | SRG | |
| ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം. | ഫിസിക്കൽ എക്സർസൈസ്, Zumba dance | ജൂൺ, മാർച്ച് | SRG | |
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | (പ്രവൃത്തിപരിചയ ഇനങ്ങളിൽ പരിശീലനം, ചന്ദനത്തിരി, ചോക്ക് etc.) | സെപ്തംബർ | ചാർജ്ജ് ഉള്ള അധ്യാപകർ. | |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, | പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ . | എല്ലാ മാസവും | ക്ലാസ് ടീച്ചർ |
| ശാസ്ത്ര വിഷയങ്ങളിലേക്കുള്ള താൽപര്യവും ഉത്സാഹവും വളർത്തുക. | ലഘു പരീക്ഷണങ്ങൾ ക്ലാസ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് കുട്ടികൾക്ക് അതിൽ പങ്കാളിയാകുന്നതിനുമുള്ള അവസരം ഉണ്ടാക്കുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ ശാസ്ത്ര ക്ലബ്. |

# അറബിക്

ലക്ഷ്യങ്ങൾ

1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്ത് രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതുവാനുമുള്ള കഴിവ്.
2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം.
3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു.
4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്.
5. വാചകനിർമ്മാണം.
6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു.

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുമ്പിൽ പങ്കിടുന്ന രീതി | | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|---|
| 1. അക്ഷര വായന | അക്ഷര കാർഡുകൾ നൽകുന്നു. | ശരിയായ രീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു. | കുട്ടികൾ വായിക്കുന്നു. ഉച്ചാരണ ശുദ്ധി ഉണ്ടാകുന്നു. | CPTA | | ജൂൺ ജൂലൈ ഓഗസ്റ്റ് |
| 2. എഴുത്ത് രീതി ചിഹ്നങ്ങൾ ചേർത്ത് വായന | അക്ഷരങ്ങൾക്ക് നിറം നൽകാൻ ഉച്ചാരണ ശുദ്ധിയോടെ വായിപ്പിക്കാൻ പരിശീലിപ്പിക്കുന്നു. അക്ഷരങ്ങൾ out line നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു | രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു. അക്ഷര പഠന സഹായി ഉപയോഗിക്കുന്നു. വീടുകളിൽ അക്ഷര ചാർട്ട്. | | | | |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാംശങ്ങൾ | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | നിർവ്വഹണ കാലയളവ് | പൊതു സമൂഹത്തിന്റെ പങ്കാളിത്തം |
|---|---|---|---|---|---|
| പദ നിർമ്മാണം പദശേഖരണം | അക്ഷര കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു. പാഠപുസ്തകങ്ങൾക്ക് പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം. പദ നിർമ്മാണ മത്സരങ്ങൾ നടത്തുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു. ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം. | | ഓഗസ്റ്റ് സെപ്തംബർ ഒക്ടോബർ | CPTA |
| ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു. | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു. | വീടുകളിൽ സന്ദർഭത്തിനനുസരിച്ച് പറഞ്ഞു ശീലിക്കാൻ | | ഓഗസ്റ്റ് സെപ്തംബർ ഒക്ടോബർ നവംബർ | CPTA |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു.<br><br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാര വാക്കുകൾ പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു.<br>ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിത പുസ്തകങ്ങൾ വീട്ടകത്തിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു. | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ വാക്കുകൾ കഥ, കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം. | CPTA | ഡിസംബർ മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അനുബന്ധിച്ചുള്ള കാർഡുകൾ നിർമ്മിച്ച് ചെറിയ വിവരങ്ങൾ നൽകുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ-മാർച്ച്. |